പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3385 25-06-12 ൽ മറുപടിക്ക്

## കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ഡൊമനിക് പ്രസന്റേഷൻ :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.പി.എ.മാധവൻ : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) | |
| (എ) | കെ. എസ്. എഫ്. ഇ.യുടെ പ്രവർത്തനം പ്രൊഫഷണലും കാര്യക്ഷമവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം പ്രൊഫഷണലും കാര്യക്ഷമവും ആക്കുന്നതിന് താഴെ പറയുന്ന കർമ്മ പരിപാടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഈ സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ.യുടെ 100 ശാഖകൾ വിവിധ പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>കെ.എസ്.എഫ്.ഇ.യുടെ വിവിധ വായ്പാ പദ്ധതികളിലൂടെ അനുവദിയ്ക്കുന്ന തുകകളുടെ പരിധി ഉയർത്തിയിട്ടുണ്ട്. ചിട്ടി ലോണുകളുടെ പരിധി 25 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായി ഉയർത്തി. അതുപോലെ സ്വർണ്ണപണ്ട പണയ വായ്പയുടെ ഉയർന്ന പരിധി 3 ലക്ഷത്തിൽ നിന്നും 25 ലക്ഷമാക്കി ഉയർത്തി. വ്യക്തിഗത വായ്പ, കൺസ്യൂമർ വെഹിക്കിൾ ലോൺ എന്നിവയുടെ പരിധി 15 ലക്ഷമാക്കി. ഭവന വായ്പയുടെ പരിധിയാകട്ടെ 15 ലക്ഷത്തിൽ നിന്നും 50 ലക്ഷമാക്കി ഉയർത്തുകയും എല്ലാ ശാഖകളിലും ഭവന വായ്പാ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു.<br>ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം അവതരിപ്പിച്ച ആദ്യ ബഡ്ജറ്റിൽ വിദ്യാധനം വിദ്യാഭ്യാസ വായ്പാ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കുകയും അതു കെ.എസ്.എഫ്.ഇ.യിൽ നടപ്പിലാക്കുകയും ഉണ്ടായി.<br>ഉദ്യോഗസ്ഥ ജാമ്യത്തിലും വസ്തു ജാമ്യത്തിലും കാര്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഇതു പ്രകാരം ഉദ്യോഗസ്ഥ ജാമ്യത്തിൽ അനവദിക്കാവുന്ന ജാമ്യ തുകയിൽ വർദ്ധനവു വരുത്തുകയും ശാഖാ തലത്തിലും മേഖലാ തലത്തിലും അനുവദിയ്ക്കാവുന്ന ജാമ്യ പരിധി ഉയർത്തുകയും ചെയ്തു. |
| (ബി) | എല്ലാ പഞ്ചായത്തുകളിലും കെ. എസ്. എഫ്.ഇ. യുടെ ശാഖകൾ ആരംഭിക്കുമോ; | (ബി) | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പണ്ടം പണയത്തിന് മാത്രമായി ശാഖകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ചിട്ടിയിൽ മാത്രം ഒതുങ്ങാതെ മറ്റ് വായ്പാ പദ്ധതികളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കാര്യം ആലോചിക്കുമോ? | (ഡി) | ചിട്ടിയിൽ മാത്രം ഒതുങ്ങാതെ മറ്റ് വിവിധ വായ്പാ പദ്ധതികളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ